1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപതുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ് വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുകയിൽ നിന്ന് ഫണ്ടിൽ മുതൽകൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.II/22.06.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ബാധ്യതയുള്ള ₹37000.00 യിൽ തിരികെ നൽകേണ്ടതായതും കാലഹരണപ്പെട്ടതുമായ ഡിപ്പോസിറ്റുകൾ തന്നെ ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

1-18 താൽക്കാലിക അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല

ഗ്രാമീണ ബാങ്കുകളിലെ ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റ്, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം വിവിധ ഇനങ്ങൾക്കായി നൽകിയ താൽകാലിക അഡ്വാൻസുകൾ ചട്ടപ്രകാരം സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ തുക പിടിച്ചെടുത്തും താല്പര്യപൂർവ്വം ക്രമീകരിക്കാതിരിക്കുകയും ചെയ്തവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.09.21.06.2024) ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഹെഡ് കോഡ്	മുൻകൂർ തുക	ചെക്ക് നം / വൗച്ചർ നം.	ചെലവിനുള വിവരം
460100199	₹9100.00	ചെനം. 088673 5.11.2019	കിലയിൽ നടത്തുന്ന കോഴ്സിൽ പങ്കെടുക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ് ന് നൽകിയ തുക
460100103	₹2500.00	വൗ.നം. 22100773 1.11.21	കില ട്രെയിനിങ്ങിനായി നൽകിയ തുക
460100103	₹6020.00	വൗ.നം. 4502101101 11.5.23	ജിയോ ടാഗിങ്ങിനായി കുടുംബശ്രീയിൽ നിന്നും തിരികെ ഈടാക്കണമെന്ന വ്യവസ്ഥയിൽ നൽകിയ തുക
ആകെ	₹13610/-		

വിവിധ ഇനങ്ങൾക്കായി നൽകിയ താൽകാലിക അഡ്വാൻസുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 മുൻവർഷങ്ങളിൽ നൽകിയ 36.26 ലക്ഷം രൂപയുടെ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള മുൻകൂർ തുകകൾ ക്രമീകരിക്കപ്പെടാതെ നിലകൊള്ളുന്നുണ്ട്. ആയവ ക്രമീകരിക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ചും ക്രമീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും ഉള്ള വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/22.06.2024) മറുപടി പരിശോധിച്ച് ഇനിയും ക്രമീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ഹെഡ് കോഡ്	വൗച്ചർ നം.	തുക	മുൻകൂറിനുള്ള വിവരം
21-22	480500501	2210037523:7.21	₹77164.00	കെ-ഫോൺ ഇലക്ട്രിക് നൽകിയത്
	480500501	2210037523:7.21	₹4700.00	കെ-ഫോൺ ഇലക്ട്രിക് നൽകിയത്
	480500501	2220028023:6.22	₹17000.00	മഴക്കാലപൂർവ്വ ശുചീകരണത്തിനായി ലേഡികാത്ത് മെമ്പർക്ക് നൽകിയ തുക പ്രോജക്ട് നം.48/23 നിന്നും ലാഗായി
22-23	480500501	4220058123:9.23	₹846981.00	എൽ-ഫോസ് ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ തുക പ്രോജക്ട് നം.48/23 നിന്നും ലാഗായി
	480500501	4220121116.3.23	₹252733.00	എൽ-ഫോസ് ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ തുക
ആകെ			₹1624155.00	

വിവിധ പ്രവൃത്തികൾക്കായി അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളോടോ തിരുവനന്തപുരത്തോടോ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ക്രമീകരിക്കാത്ത പക്ഷം അഡ്വാൻസ് തുക മുഴുവൻ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

1-20 ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് ഇതുവരെ കൈമാറിയിട്ടില്ല

വടവുകോട്- പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് എന്നാൽ ഈ നിർദ്ദേശം നടപ്പാക്കുന്നതിന് മുമ്പ് നടത്തിയ ടെണ്ടറുകളുടെയെല്ലാം ഫീസ് ഇല്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരുന്നത് ഇപ്രകാരം 2017 ജനുവരി മുതൽ 2022 ജൂൺ വരെ നടത്തിയ വിവിധ ടെണ്ടറുകളുടെ ഫീസായി ₹11,96,130/- എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട് എന്നാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഈ തുക നാളിതുവരെയായി തിരികെ ലഭ്യമായിട്ടില്ല ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2017 ജനുവരി മുതൽ 2022 ജൂൺ വരെ നടത്തിയ എല്ലാ ടെണ്ടറുകളുടെയും ഫീസ് സംബന്ധമുള്ള വിവരങ്ങൾ 26/06/2023ലെ E1/AE/PT2/926/23നമ്പർ കത്ത് മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSG & EE DIVISION, എറണാകുളത്തെ അറിയിച്ചു ഇതിന് 25.6.24 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കിയ എ4-456/19 നമ്പർ മറുപടിയിൽ പഞ്ചായത്ത് സർപ്പിച്ച രേഖകൾ കൂടുതലായി ഓഡിറ്റ് ചെയ്താലേ തുക തിരികെ ലഭ്യമാക്കുകയുള്ളുവെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.23 തീയതി 24.6.2024) തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ഈടാക്കുവാനുള്ള ബാങ്ക് അക്കൗണ്ട്

എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ സൂക്ഷിക്കുന്ന 0312810000000021 -ാം നമ്പർ അക്കൗണ്ടിൽ 31.03.2024 ൽ ₹3,48,324.00 നിക്ഷിപ്തമുണ്ട്. 21.03.2008 ൽ ആരംഭിച്ചിട്ടുള്ള ഈ അക്കൗണ്ടിൽ കുറെ വർഷങ്ങളായി ഇടപാടുകൾ ഒന്നും തന്നെ നടക്കുന്നില്ല. ഇത് ഏത് ആവശ്യത്തിലേക്കായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടാണെന്നും നിലവിൽ ഇടപാടുകൾ ഒന്നും ഇല്ലാതെ ഇത് സൂക്ഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൈയറിക്ക്(നം. 2/20.06.2024) ന് പഞ്ചായത്ത് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലോൺ റീപേയ്മെന്റ് നടത്തുന്നതിനായുള്ള അക്കൗണ്ടാണിതെന്നും വർഷങ്ങളായി ട്രാൻസാക്ഷൻ ഇല്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രമേയത്തിൽ പെടുത്തി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അക്കൗണ്ട് ക്ലോസ് ചെയ്ത് തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-22 ബാങ്ക് അക്കൗണ്ടിൽ ₹596.00 ക്രെഡിറ്റ് ആയിട്ടില്ല

സെൻട്രൽ ഇന്ത്യൻ ബാങ്കിൽ ആരംഭിച്ചിട്ടുള്ള. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് കാർഡ് പേയ്മെന്റ് അക്കൗണ്ടിന്റെ (നം. 080603300002283) 31.03.2024 ലെ റീകൺസിലിയേഷൻ നടത്തിയിട്ടുള്ളത് താഴെ ചേർക്കുന്ന പ്രകാരമാണ്

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നിക്ഷിപ്തിലുള്ള	₹48,29,489.00
(+)നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റിൽ വരാത്തത്	₹72,173.00
ബാങ്ക് ബുക്ക് പ്രകാരം നിക്ഷിപ്തിലുള്ള	₹50,01,662.00

നിക്ഷേപിച്ച ചെക്കുകളിൽ ₹596.00 കുറവായാണ് ബാങ്കിൽ പിന്നീട് ക്രെഡിറ്റ് ആയിട്ടുള്ളതു എന്ന് കാണുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

01.04.2024 ൽ (30.3.24 ലെ തുക)	₹ 36088.00
01.04.2024 ൽ (30.3.24 ലെ തുക)	₹ 35489.00
ആകെ	₹ 71,577.00
ക്രെഡിറ്റിൽ വരേണ്ട തുക	₹72,173.00
കുറവ്	₹596.00

₹596.00 ബാങ്ക് അക്കൗണ്ടിൽ പിന്നീട് ക്രഡിറ്റ് ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും കാർഡ് ഉപയോഗിച്ച് പേയ്മെന്റ് നടത്തുകയും യഥാസമയം തന്നെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വരാത്തതിന്റെ കാരണവും ലഭ്യമാക്കുവാനും താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൈയറിക്ക് (നം.01/20.06.24) ലഭ്യമാക്കിയ മറുപടിയിൽ ക്രെഡിറ്റിൽ വരാത്ത തുക ക്രെഡിറ്റ് ചെയ്തു ലഭ്യമാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-23 ദുരിതാശ്വാസ നിധി - ചട്ടപ്രകാരം വിനിയോഗിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പോരൂർ, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് അടിയന്തിര സഹായം നൽകുന്നതിന് വേണ്ടി ഒരു നിധി രൂപീകരിക്കേണ്ടതാണ് (ചട്ടം3). അതുപോലെ ധനസഹായ നടപടികൾ ഏകോപിപ്പിക്കുന്നതിനും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർ, സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് ചട്ടം 4(3) നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുകയും ആയതിലേക്കായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് (338802010010543) സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ അക്കൗണ്ട് ഇടപാടുകളൊന്നും നടത്തിയിട്ടില്ല. ഈ അക്കൗണ്ടിലെ വർഷാവസാന നിക്ഷിപ്തിലുള്ള ₹14731.00 - ആണ്. ദുരിതാശ്വാസ നിധി സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ലാ എന്ന് കാണുന്നു. ദുരിതാശ്വാസ നിധി ചട്ടം നിഷ്കർഷിക്കുന്ന വിധത്തിൽ വിപുലപ്പെടുത്തി ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികൾ ഉണ്ടെങ്കിൽ അവർക്ക് അടിയന്തിര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനായി

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു

1-24 ഉപയോഗയോഗ്യമല്ലാത്ത കുടിവെള്ള പൊതുടാപ്പുകൾക്കും വെള്ളക്കരമൊഴിവാക്കൽ

വടവുകോട് ഗ്രാമപഞ്ചായത്തിൽ ആകെ 326 കുടിവെള്ള പൊതുടാപ്പുകൾക്കാണ് കുടിവെള്ളക്കരം അടവാക്കി വരുന്നത്. ഓഡിറ്റ് വർഷത്തിൽ ടാപ്പൊന്നിന് പ്രതിവർഷം ₹14559/- നിരക്കിൽ ആണ് കുടിവെള്ളക്കരം അടവാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ ₹47,46,240.00/- (393530 X 12) ജലഅതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇവയിൽ കുറേയധികം ടാപ്പുകളും ഉപയോഗയോഗ്യമല്ലാതാവുകയാണ് എന്ന് കാണുകയും ആയവ റദ്ദ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ചെയ്തു. ഉപയോഗയോഗ്യമല്ലാത്ത പൊതുടാപ്പുകൾ റദ്ദുചെയ്യുന്നതിന് പഞ്ചായത്തും ജലഅതോറിറ്റിയും തമ്മിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ താഴെവരുന്നു ചുവടെ ചേർക്കുന്നു.

15.02.2023 : പഞ്ചായത്ത് കമ്മറ്റിയുടെ 14(1) / 28.02.2023-ാം നമ്പർ തീരുമാനം അനുസരിച്ച് ആകെയുള്ള 326 പൊതുടാപ്പുകളിൽ ഉപയോഗയോഗ്യമായ 30 പൊതുടാപ്പുകൾ ഒഴികെ 296 എണ്ണം റദ്ദുചെയ്യുന്നതിന് ജലഅതോറിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.

9.8.2023 : ഇതിൽ തീരുമാനപ്രകാരം ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് പഞ്ചായത്ത് ജലഅതോറിറ്റിയോട് SC.4/1920/22/9.8.2023-ാം നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടു.

06.12.2023 : ഇതിനു മറുപടിയായി 133 ടാപ്പുകൾ റദ്ദാക്കാമെന്ന് രേഖപ്പെടുത്തി ആയതിന്റെ ലിസ്റ്റ് ഉൾപ്പെടെ ജലഅതോറിറ്റി ഗ്രാമപഞ്ചായത്തിന് ഇ-മെയിൽ സന്ദേശം അയച്ചു. ഈ ലിസ്റ്റിൽ വിവിധ വാർഡുകളിലായി 21 ടാപ്പുകൾ - No Evidence Of Tap Found എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

02.01.2024 : ഗ്രാമപഞ്ചായത്തിൽ ആകെ 327 പൊതുടാപ്പുകൾ ഉണ്ടെന്നും 30 എണ്ണം നിലനിർത്തി ബാക്കിയുള്ളവ കട്ട് ചെയ്യുന്നതിന് സംയുക്തപരിശോധനയ്ക്കായി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ജല അതോറിറ്റി WSS.LTR/2023-24/02.03.2024-ാം നമ്പർ കത്ത് പഞ്ചായത്തിന് നൽകി.

30.05.2024 : സംയുക്ത പരിശോധനയ്ക്ക് ശേഷം ഉപയോഗക്ഷമമല്ലാത്ത 286 പൊതുടാപ്പുകൾ ഉൾപ്പെടുത്തി റദ്ദുചെയ്യേണ്ടവയുടെ ലൊക്കേഷൻ ലിസ്റ്റ് WSS.LTR/2023-24/30.05.2024-ാം നമ്പർ കത്ത് പ്രകാരം ജലഅതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകി.

03.06.2024: സംയുക്തപരിശോധനയിൽ കണ്ടെത്തിയ 286 ഉപയോഗപ്രദമല്ലാത്ത പൊതുടാപ്പുകൾ റദ്ദുചെയ്യുന്നതിന് ലിസ്റ്റിലേറ്റ് തയ്യാറാക്കുന്നതിന് അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് No.400831/WSD02/GEO/2024/3364/03.06.2024-ാം നമ്പർ കത്ത് ജലഅതോറിറ്റിക്ക് നൽകി.

ഓഡിറ്റ് പരാമർശങ്ങൾ

1 ഉപയോഗമില്ലാത്ത 296 പൊതുടാപ്പുകൾ റദ്ദുചെയ്യണമെന്ന് പഞ്ചായത്ത് കമ്മിറ്റി 28.2.2023 ൽ തീരുമാനമെടുത്തിട്ട് ഒരു വർഷവും രണ്ട് മാസവും ആയിട്ടും ആയത് നടപ്പിലായിട്ടില്ല. ഇതുമൂലം കാലം ഈ പൊതു ടാപ്പുകളുടെ വെള്ളക്കരമായി ലക്ഷങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നു.

2 ജലഅതോറിറ്റി 6.12.2023 ൽ ഇ-മെയിൽ മുഖാന്തരം നൽകിയ ലിസ്റ്റിൽ 216 ടാപ്പുകളുടെ ഒരു തെളിവുപോലും ഇല്ല എന്ന് അതോറിറ്റി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുമ്പുള്ള വെള്ളക്കരം ഡിമാന്റിൽ ഇവയുടെയും വെള്ളക്കരം ഡിമാന്റ് ചെയ്യപ്പെടുകയും (21 X 14599 = ₹306579 - പ്രതിവർഷം) ആയത് ഗ്രാമപഞ്ചായത്ത് അടവാക്കുകയും ചെയ്തിട്ടുമുണ്ട്.

3.സംയുക്ത പരിശോധനയ്ക്ക് ശേഷം ഉപയോഗപ്രദമല്ലെന്നു കണ്ടെത്തിയ 286 പൊതുടാപ്പുകളിൽ മതി പ്രസ്താവിച്ച 21 ടാപ്പുകളും ഉൾപ്പെടുന്നുണ്ട് ടാപ്പ് ഉണ്ടായിരുന്നു എന്നതിന് തെളിവു പോലും അവശേഷിക്കാതെ ഇവ റദ്ദുചെയ്യുന്നതിനും ലിസ്റ്റിലേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു കാണുന്നു.

4.സംയുക്ത പരിശോധനയ്ക്ക് ശേഷം ഉപയോഗക്ഷമമല്ലാത്ത 286 ടാപ്പുകളുടെ വെള്ളക്കരം ഏറ്റവും കുറഞ്ഞത് ജലഅതോറിറ്റി സാക്ഷ്യപ്പെടുത്തിയ തീയതി മുതൽ എങ്കിലും ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു കാണുന്നില്ല.

ഓഡിറ്റ് ശുപാർശകൾ

സംയുക്ത പരിശോധനയ്ക്ക് ശേഷം ഉപയോഗക്ഷമമല്ലാത്ത 286 ടാപ്പുകൾ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ തീർത്തപ്പെടുത്തണം. ഉപയോഗക്ഷമമല്ലാത്ത 286 ടാപ്പുകളുടെ വെള്ളക്കരം ഏറ്റവും

കുറഞ്ഞത് ലൈബ്രേറിറ്റി സാക്ഷ്യപ്പെടുത്തിയ തീരാത്ത തുക എങ്കിലും ഒഴിവാക്കുന്നതിന് ലൈബ്രേറിറ്റിയോട് ആവശ്യപ്പെടണം വരാക്കുന്നതിന് കാരണമായ 286 ടാപ്പുകളുടെ ലിസ്റ്റിൽ ഉള്ളതും ലൈബ്രേറിറ്റി 6.12.2023 ൽ ഇ-മെയിൽ മുഖാന്തരം നൽകിയ ലിസ്റ്റിൽ No Evidences Of Tap Found എന്ന് രേഖപ്പെടുത്തിയതുമായ 21 ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് ലിസ്റ്റിലെ തുക ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്തണം. ഇതിനോടകം ഉപയോഗയോഗ്യമല്ലാത്ത ടാപ്പുകൾക്ക് അടവാക്കിയ വെള്ളക്കരം തുക തിരികെ ഈടാക്കുന്നതിനോ അടുത്തിലെ ബിമാറിൽ വരവ് വച്ച് കിട്ടുന്നതിനോ നടപടി സ്വീകരിക്കണം.

1-25 പണി പൂർത്തീകരിക്കാത്ത 15.8 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

വാർഷിക ധനകാര്യപ്രസ്താവന (ബി.18 ഓഡിറ്റ്) വിവിധ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മൂർക്കൂർ നൽകിയ തുക ക്രമീകരിക്കാതെ തുടരുന്നു. കേരള ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ മുൻകൂർ തുകകളിൽ 12.23 ലക്ഷം രൂപയുടെയും കേരള ജല അതോറിറ്റിക്ക് നൽകിയ 9.6 ലക്ഷം രൂപയുടെയും ഗ്രാമങ്ങ് വാട്ടർ വകുപ്പിന് നൽകിയ 1.97 ലക്ഷം രൂപയുടെയും പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന് നൽകിയ 2 ലക്ഷം രൂപയുടെയും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (460600202 Head Code)

വർഷം	പ്രവൃത്തിയുടെ പേര് / നം	വൗച്ചർ നമ്പർ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
2019-20	പ്രോജക്ട് നം. 440/20	3.2.2020	₹46793.00
2021-22	പ്രോജക്ട് നം. 419/21	4210027911.1.22	₹8672.00
	പ്രോജക്ട് നം. 211/21	4210027911.1.22	₹130757.00
2022-23	പ്രോജക്ട് നം. 335/23	4220135231.3.23	₹420996.00
	പ്രോജക്ട് നം. 231/23	4220163731.3.23	₹48367.00
	പ്രോജക്ട് നം. 231/23	4220163731.3.23	₹25741.00
	പ്രോജക്ട് നം. 242/23	4220163731.3.23	₹309730.00
2023-24	പ്രോജക്ട് നം. 310/24	ചെ.നം.017984/15.1.24	₹76736.00
	പ്രോജക്ട് നം. 311/24	ചെ.നം.017985/15.1.24	₹47633.00
	പ്രോജക്ട് നം. 318/24	ചെ.നം.017986/22.1.24	₹10158.00
ആകെ			₹1,23,185.00

2) കേരള ജലഅതോറിറ്റി (460600201 Head Code)

വർഷം	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
2022-23	പ്രോജക്ട് നം. 10/23	4220090327.12.22	₹260938.00
	പ്രോജക്ട് നം. 9/23	4220113923.3.23	₹700000.00
ആകെ			₹960938.00

3) ഗ്രാമങ്ങ് വാട്ടർ വകുപ്പ് (460600204 Head Code)

വർഷം	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
2021-22	പ്രോജക്ട് നം. 116/22	2210127028.1.22	₹196868.00
ആകെ			₹196868.00

4) പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് (460500399 Head Code)

വർഷം	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
2023-24	പ്രോജക്ട് നം. 336/24	4230162018.3.24	₹200000.00
ആകെ			₹200000.00

പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി

ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യം മറാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും പഞ്ചായത്ത് കമ്മറ്റിയുടെയും ശ്രദ്ധയ്ക്കായി രേഖപ്പെടുത്തുന്നു

1.16 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം- പ്രോജക്ട് നിർവ്വഹണത്തിൽ വന്ന അപാകതകൾ

പ്രോജക്ട് നമ്പർ	30031324
പ്രോജക്ടിന്റെ പേര്	സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം
നിർവ്വഹണോദ്യോഗസ്ഥ	ഹൈസ്കൂൾ, ഗവ.യു.പി.സ്കൂൾ പുത്തൻകുരിശ്
തുക	₹50,00,000/-(ടോട്ടൽ തുക)
ചെലവ്	₹41,16,549/-

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത്. എട്ട് സ്കൂളുകളിലെയും രണ്ട് സ്കൂളിലെയും വിദ്യാർത്ഥികളാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. നിർവ്വഹണ ഉദ്യോഗസ്ഥയായ ഹൈസ്കിനിസ്സ് ഗവ.യു.പി.സ്കൂൾ പുത്തൻകുരിശ്. സ്കൂളുകൾ നൽകുന്ന ബിൽ പ്രകാരമുള്ള തുക അതാത് സ്കൂൾ പ്രധാനാധ്യാപകർ, പി.റ്റി.എ പ്രസിഡന്റ് എന്നിവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കി വരുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

01) സ്കൂളുകൾ നൽകുന്ന ബിൽ പ്രകാരമുള്ള തുക അതാത് സ്കൂൾ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകുന്നത്. സ്പോൺസർ നൽകിയ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. എൽഡി ബഞ്ചിംഗ്സിന് തുക ലഭിച്ചതിന് ഉറപ്പുവരുത്താനുള്ള തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ല.

02) ആഴ്ചയിലും നൽകുന്ന എല്ലാ സ്കൂളുകളിലെയും മുഴുവൻ കുട്ടികൾക്കുമുള്ള പ്രഭാത ഭക്ഷണത്തിന്റെ തുക എല്ലാ മാസവും പ്രോജക്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പ്രോജക്ട് കാലയളവ് മുഴുവൻ ഫുൾ അറ്റൻഡൻസ് പ്രകാരം തുക അനുവദിച്ചത് പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

03) പൊതുവിദ്യാഭ്യാസ വകുപ്പ് നൽകി നടത്തുന്ന ഉച്ചഭക്ഷണ വിതരണ പരിപാടിയും സ്കൂളുകളിൽ നടന്നു വരുന്നുണ്ട്. ഗ്യാസ്, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ തുടങ്ങിയുള്ള ഇനങ്ങൾ പൊതുവായി ചെലവഴിക്കാവുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണവും തമ്മിലുള്ള ധാരണയിൽ പണം ചെലവഴിക്കുന്ന സാഹചര്യവും പദ്ധതി പ്രവർത്തനങ്ങളിൽ ഇന്റിഗ്രേഷൻ ഉണ്ടാക്കാനും സാധ്യതയുണ്ട്.

04) ഒരേ പഞ്ചായത്തിലെ സ്കൂളുകളിലാണെങ്കിലും പ്രോജക്ടിനായി വാങ്ങിയ സാധനങ്ങളുടെ വിലയിൽ വലിയ അന്തരം കണ്ടെത്തിയിട്ടുണ്ട്. ജി.എൽ.പി.എസ് പുറ്റുമാനൂർ ₹ 4 നിരക്കിൽ വാങ്ങിയ അതേ സാധനം ₹ 7 നിരക്കിലാണ് ജി.എൽ.പി.എസ് വടവുകോട് വാങ്ങിയിട്ടുള്ളത്. ഇപ്രകാരം എല്ലാ സ്കൂളുകളുടെയും വാങ്ങലുകളിലും വിലയിൽ അന്തരം കണ്ടെത്തിയിട്ടുണ്ട്. വിവിധ സ്കൂളുകളിൽ ഓരോ മാസവും ₹10,000 മുതൽ ₹150,000 രൂപ വരെ വിവിധ വാങ്ങലുകൾക്കായി ചെലവഴിക്കപ്പെടുന്ന സാഹചര്യത്തിൽ വിലയിലെ അന്തരം കൊണ്ട് മാത്രം അധികച്ചെലവുണ്ടാകുന്നുണ്ട്. എല്ലാ സ്കൂളുകളും വാങ്ങുന്ന ഉൽപന്നങ്ങളിലും പലവ്യഞ്ജനങ്ങളിലും പച്ചക്കറികളിലും സമാനരീതിയിൽ അന്തരം കണ്ടെത്തിയിട്ടുണ്ട്.

05) പ്രോജക്ടിൽ തുകയുള്ളും നൽകുന്ന ചില സ്കൂളുകൾ തുക ഒരു ദിവസത്തെ ചെലവിന്റെ ബില്ല് മാത്രമാണ് ഹാജരാക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥ ഇതേ നിരക്കിൽ ബാക്കി ദിവസങ്ങളിലെ തുകയും കണക്ക് കൂട്ടി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

06) ഓരോ പ്രാവശ്യവും സാധനങ്ങൾ വാങ്ങുന്ന ബില്ലുകൾക്ക് പകരം മാസാവസാനം തയ്യാറാക്കുന്ന ഒറ്റ ബില്ലാണ് പല സ്കൂളുകളും ഹാജരാക്കിയിരിക്കുന്നത്. സ്ഥാപനങ്ങൾക്ക് ഇതേ ബിൽ തുക തന്നെ നൽകിയതിന് രേഖയില്ലാത്തതിനാൽ വാങ്ങലുകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

07) ഒരു നിർവ്വഹണ ഉദ്യോഗസ്ഥ വിവിധ സ്കൂളുകളിലായി നടപ്പിലാക്കുന്ന പ്രോജക്ട് എന്ന

നിലവിൽ ചെലവുകൾക്ക് മതിയായ പണം വരുമാനമായി കണ്ടെത്താൻ വഴി വാതലുകൾ ഏല്ലാം തന്നെ ഒരേ നിരക്കിലും നടത്തുന്നുണ്ട് എന്നുറപ്പു വരുത്താനോ സാധിച്ചിട്ടില്ല. അതുപോലെ അധികച്ചിലവ് വരുവാനുള്ള സാധ്യതകളും കണ്ടെത്തിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വീഴ്ചകൾക്കുണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ മെമ്മോയ്ക്ക് പ്രസിഡന്റിന്റെ (സമയം -39 തീയതി 26.04.2024) ലഭ്യമാക്കിയ മറുപടിയിലും ഫിക്സഡ് ഡിപ്പോസിറ്റിലെ മറുപടിയിലും അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രയോജനമായുള്ള വാതലുകളിൽ നിന്നും കൂടുതൽ രൂപയും കണ്ടെത്തുന്നതിനും ഉറപ്പുവരുത്തുന്നതിനും ചെലവുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1.37 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ലൈഫ് ഭവന പദ്ധതികൾ പ്രകാരം വീടിന്റെ നവീകരണം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	തുക
1	ശ്രീമതി. ലിസ്സി മൈക്കോസി, ലൈഫ്ഭവന പദ്ധതി, പുതുമനക്കുന്നിൽ	ലൈഫിന്റെ വിവരം അടുത്തഗഡു-30/09/2021 അവസാന ഗഡു-21/03/2022 ലൈഫിന്റെ തുക- ₹ 3,00,000/- അടുത്തഗഡു-30/09/2021
2	ശ്രീ.മോഹനൻ സി.പി, കല്ലേലിൽ വാർഡ്-3	അവസാന ഗഡു-21/03/2022 ലൈഫിന്റെ തുക-₹ 3,00,000/-
3	ശ്രീമതി.ആനിസ് തോമസ്, കുഴിയിൽ, കരിമുഗൾ	അടുത്തഗഡു – 20/10/2023 ലൈഫിന്റെ തുക-40,000
4	ശ്രീമതി.കാർത്ത്യായനി ഭാസ്കരൻ, പ്ലാംകുളത്തിൽ, വടവുകോട്	അടുത്തഗഡു-16/03/2023 ലൈഫിന്റെ തുക-40,000 അടുത്തഗഡു-16/03/2023
5	ശ്രീമതി.അഞ്ജു സി.ടി, ചെമ്പിക്കരമുഗൾ, പണിക്കുഴി	അവസാന ഗഡു-15/06/2023 ലൈഫിന്റെ തുക-200000 അടുത്തഗഡു -03/2023
6	ശ്രീമതി ലില കുട്ടൻ, കല്ലാനക്കുഴി, കരിമുഗൾ	അവസാന ഗഡു-15/06/2023 ലൈഫിന്റെ തുക-200000
7	ശ്രീമതി ചിഞ്ചു ജിനു ജിനു കെ.കെ, കണ്ടത്തിൽകുന്നത്ത്, കല്ലിനാട്	അടുത്തഗഡു-28/03/2023 ലൈഫിന്റെ തുക-40000
8	ശ്രീമതി.പ്രീതാരാജപ്പൻ, പുതിയേടത്ത്, കരിമുഗൾ	അടുത്തഗഡു-28/05/2023 ലൈഫിന്റെ തുക-40000 അടുത്തഗഡു -29/05/2023
9	ശ്രീമതി.സിനിത കൊട്ടത്തിമുഗൾ, പുതനൻകുന്നിൽ	അവസാന ഗഡു-29/12/2023 ലൈഫിന്റെ തുക-200000
10	ശ്രീമതി വത്സ പി.പി, പൂട്ടട്ട് 40, അമ്പുകുടിടം	അടുത്തഗഡു-18/06/2022 ലൈഫിന്റെ തുക-40000

11	ശ്രീമതി സുജാത . പ്ലോട്ട് -37, അമ്പുകുടിനം	അടുത്ത ഗഡു -24/03/2023 അവസാന ഗഡു-28/03/2023 മൊത്തം തുക-200000
12	ശ്രീമതി ലതാദേവി . പ്ലോട്ട് -47, അമ്പുകുടിനം	അടുത്ത ഗഡു -28/03/2023 അവസാന ഗഡു-11/05/2023 മൊത്തം തുക-200000
13	ശ്രീമതി വിജയമ്മ കെ.പിള്ള പ്ലോട്ട് -111, അമ്പുകുടിനം	അടുത്ത ഗഡു -12/09/2023 അവസാന ഗഡു-29/09/2023 മൊത്തം തുക-200000

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ വേന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻകയറിക്ക് (നം-34 തീ. 30/09/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കൾ വേനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-28 എസ്.സി.പി.പ്രോഗ്രാം- അടിസ്ഥാനസൗകര്യത്തിനുള്ള വിഹിതം - പ്രോജക്ട് വിശദാംശങ്ങളും വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ/പേര്	എസ് 0066/24 എസ്.സി.പി. പ്രോഗ്രാം- അടിസ്ഥാന സൗകര്യത്തിനുള്ള വിഹിതം
തുക	₹365,822/- ₹1,80,107(വികസന ഫണ്ട്-ജനറൽ) ₹1,25,715 (തനത് ഫണ്ട്)
ചെലവ്	₹251,557/- ₹1,80,057(വികസന ഫണ്ട്-ജനറൽ) ₹71500 (തനത് ഫണ്ട്)
സിങ്കുചെക്കിന്റെ/ തീയതി	000822/29-01-2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ എസ്.സി.പി. പ്രോഗ്രാം- അടിസ്ഥാന സൗകര്യത്തിനുള്ള വിഹിതം എന്ന പദ്ധതിക്കായി ₹251,557/- ചിലവഴിച്ചിട്ടുണ്ട്. തനത് ഫണ്ട് വകയിൽനിന്നുള്ള തുകയും ₹71,500/- വരവേക്കാൾ ഗ്രാമപഞ്ചായത്തിന് നൽകിയതിന്റെ രേഖകളുമാണ് ഫയലിലുള്ളത്. വികസന ഫണ്ടിലെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

i) എസ്.സി.പി. പ്രോഗ്രാം- അടിസ്ഥാന സൗകര്യത്തിനുള്ള വിഹിതം എന്ന പ്രോജക്ട് പ്രകാരം എന്ത് പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത് എന്നതിനെയോ ആയത് എത്ര രൂപയാണ് പ്രോജക്ടിൽ ചെലവഴിക്കുന്നത് എന്നതിനെയോ വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ii) സംയുക്ത പദ്ധതി വിഹിതമായി നൽകിയ തുക പദ്ധതി നടപ്പാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് സംഭാവന ചെയ്തതിനെ സംബന്ധിച്ച വിവരങ്ങളോ പദ്ധതിയുടെ വിനിയോഗം സംബന്ധിച്ച രേഖകളോ ലഭ്യമായിട്ടില്ല.

iii) പട്ടികജാതി വികസന വകുപ്പ് പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.84/2021/തസ്വഭവ തീയതി 19.04.2021. ഖണ്ഡിക 3.5.4.(5) പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന മറ്റേതെങ്കിലും സ്ഥാപനങ്ങൾ അതിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പായി കരാർ ഉണ്ടാക്കിയിരിക്കേണ്ടതാണ്. എന്നാൽ പ്രകാരം ഒരു കരാർ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ചർച്ചയിലിരിക്കുന്നതായി രേഖകൾ പിൻഭാഗമാക്കിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻകയറിക്ക് (നം-15 തീ. 22/06/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിലെ വിനിയോഗ വിവരങ്ങളുടെ അക്കൗണ്ടിൽ ചെലവുതുക ₹251,557/- തെളിപ്പെടുത്തുന്നതുമായ വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-29 തൊഴിലുറപ്പുപദ്ധതി-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നമ്പർ/പേര്	50023:24, മെച്ചപ്പെടുത്തിയ വയോജനങ്ങൾക്ക് ഡിജിറ്റൽ പരിശീലന പരിപാടി
അടങ്കൽ	₹63,740/- (വികസന ഫണ്ട്-ജനറൽ)
ചെലവ്	₹63,740/-
ബിൽ നമ്പറും തീയതിയും	TRN-231205000000012087 Dtd 27-03-2024, ₹63,740/-

എറണാകുളം ജില്ല ആസൂത്രണ സമിതി നിർദ്ദേശ പ്രകാരം, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രോജക്ട് ഏറ്റെടുക്കുകയും 01/12/2024 മുതൽ 12/01/2024 വരെയുള്ള കാലയളവിൽ 12 ദിവസത്തെ പരിശീലന പരിപാടി ഐ.ടി.സി യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കൗൺസിൽ ഹാളിൽ വെച്ച് നടത്തുകയും ചെയ്തിട്ടുണ്ട് കംപ്യൂട്ടർ പരിശീലനത്തിനായി ₹34,400/-ഉം ക്ലേശനത്തിനായി ₹29340/- ഉൾപ്പടെ ആകെ ₹63,740/- ചെലവഴിച്ചിട്ടുണ്ട് പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പരിശീലനം പഞ്ചായത്ത് പദ്ധതി തയ്യാറാക്കി മോണിറ്ററിംഗ് കമ്മിറ്റി യോഗം 11/2022 തീയതി 28/3/22, ഖണ്ഡിക 3:3(ii) പ്രകാരം സംരംഭം തുടങ്ങുന്നതിലോ മറ്റുമായോ ബന്ധപ്പെട്ട് നൽകുന്നതിനോ മറ്റാരെങ്കിലും ഏല്പിക്കുന്നതിനോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല എന്നിരിക്കെ 60 വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

2) ഒരാൾക്ക് ₹800/- നിരക്കിൽ 43 പേരുടെ ഫീസാണ് പരിശീലനം നൽകിയ ഐ.ടി.സി യ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ ദിവസം എത്ര മണിക്കൂർ വീതം പരിശീലനം നൽകിയെന്നോ, പരിശീലനാർത്ഥികളുടെ പേര് വിവരങ്ങളോ, മറ്റ് വിശദാംശങ്ങളോ ഫയലിലൊന്നും ലഭ്യമാക്കിയിട്ടില്ല ബില്ലിലൊപ്പും സ്കാൻ ചെയ്ത് നൽകിയ അറ്റൻഡൻസ് ഷീറ്റിൽ ആകെ 30 പേരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് ഇതിൽത്തന്നെ പല ദിവസങ്ങളിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല പരിശീലനം നേടിയ ആളുകളുടെ വിശദാംശങ്ങൾ ഹാജരാക്കാതെ സ്ഥാപനത്തിന് 43 പേരുടെ ഫീസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) പരിശീലന പരിപാടിക്ക് ക്ലേശം നൽകിയതിന് കൈരളി കാറ്ററേഴ്സ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട് Lunch,Tea And Snacks എന്ന പേരിൽ ആകെ 330 എണ്ണം ₹ 140/- നിരക്കിൽ നൽകിയെന്നാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഓരോ ദിവസം എത്രപേർക്ക് വീതം ക്ലേശം നൽകിയെന്നോ ഓരോയിനത്തിലും എത്ര തുക നിരക്കിൽ ഈടാക്കിയെന്നോ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല ആകെ ബിൽ തുക ₹46200/- യിൽ ₹29,340/-മാത്രമാണ് സ്ഥാപനത്തിന് പ്രോജക്ടിൽ നിന്നും നൽകിയിട്ടുള്ളത് ബാക്കി തുക എപ്രകാരം നൽകി എന്നത് സംബന്ധിച്ച വിവരങ്ങളില്ല പദ്ധതിക്കായി കാറ്ററേഴ്സ് വെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല

4) സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത ചെലവിന് സർക്കാരിൽ നിന്നും സായൂകരണം പ്രതീക്ഷിയിരുന്നു എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകളില്ല

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ മെമ്മോ ഫിൻകെയറിക്ക് (നം-E തീ 21/06/2024) മറുപടി ലഭ്യമാക്കിയിട്ടില്ല പദ്ധതിയിലെ വിനിയോഗ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ₹63,740/-ചെലവ് തടസ്സപ്പെടുത്തുന്നു

1-30 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ -തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ രണ്ട് പദ്ധതികൾ വഴിയാണ് നടത്തിയിട്ടുള്ളത്. തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ -എസ്.സി നൽകൽ & തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - ലിന്റോ ജോസ് (പ്രോജക്ട് നം - 205/2024 & 314/2024) പ്രോജക്ടുകൾ പ്രകാരം അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകിയ മെ ഉഷസ് എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തന്നെ ഫണ്ടിൽ നിന്നും ഈ പദ്ധതികൾക്കു തന്നെയായി ₹1,66,333/-, ₹97,200/- എന്നിങ്ങനെ രണ്ട് ബിൽത്തുകകൾ നൽകിയിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവിധ ഇൻവോയ്സുകൾ പ്രകാരമുള്ള ആകെ തുകയാണിത്. ഓരോ വാർഡിലെയും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഇവ എത്രയും തെരുവ് വിളക്കുകളാണെന്നോ, ഏത് ഏണ്ണം

വീടും സ്ഥാപനവുമടക്കമുള്ള കുടിവെള്ള വിതരണത്തിന് പരിഗണിക്കാവുന്നതല്ലാത്ത വിവരങ്ങൾ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ലൈറ്റ് മാപ്പിംഗ് ജി.പി.എസ് മുഖേന ചെയ്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല. എൽ.ഇ.ഡി വിളക്കുകളുടെ എണ്ണം, എണ്ണം എന്നിവ പോസ്റ്റ് നമ്പർ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തി. മസ്റ്ററോ സ്റ്റോക്കോ സൂക്ഷിച്ചിട്ടില്ല എന്നാൽ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് വാങ്ങി സ്ഥാപിച്ചിട്ടുള്ളതിനാൽ എൽ.ഇ.ഡി ലാമ്പുകൾ മാത്രമാണ്. എന്നാൽ കെ.എസ്.ഇ.ബിയുടെ കണക്ക് പ്രകാരം മോർഗൻ, ബൾബ്, ഡബിൾ ട്യൂബ്, സി.എഫ്.എൽ എന്നിവയും മിക്സഡ് ലാമ്പ് എന്നിവയാണ് തെരുവുവിളക്കുകളുള്ളത്. ഇതിൽ എത്രയും വിശദാംശങ്ങളുടെ മെയിന്റനൻസ് സ്റ്റാഫ് തുക ചെലവഴിച്ച് ചെയ്യുന്നത് എന്നു വിട്ടുപോയ തെരുവിളക്കുകളിലോ തകരാറുള്ളവയോ തകരാറുകൾ പരിഹരിച്ച് പ്രകാശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികളിലൂടെ മാറ്റിയ ലാമ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്നും മാറ്റി സ്ഥാപിച്ചിട്ടുള്ളത് നിലവിലുണ്ടായിരുന്ന ലാമ്പുകൾ തന്നെയാണോ എന്നും പരിശോധിക്കാൻ വാങ്ങിയ ഉപകരണങ്ങളുടെ ബിൽ പോലുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ ലാമ്പ്, എണ്ണം എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ സ്ഥാപനത്തിൽ തെരുവുവിളക്ക് അറ്റകുറ്റപ്പണിക്കുള്ള തുക നീക്കിയിരുത്തിയിട്ടും കരാറുകാരന് തുക നൽകിയിട്ടും എങ്ങനെയെന്ന് വിശദമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (സ-36, തീ. 26/06/2024) മറുപടിയിൽ പഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം കാലികമാക്കുന്നതിനും, രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം, എണ്ണം എന്നിവ സംബന്ധിച്ച ആധികാരിക വിവരങ്ങൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-31 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം- പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ/പേര്	എസ് 038/24, വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം.
തുകകൾ	₹1,00,000/- ₹1,00,000/- (തനത് ഫണ്ട്)
ചെലവ്	₹75,000/- (തനത് ഫണ്ട്)
ചെക്ക് നമ്പർ തീയതി	Chq.no 122054,122055 & 122056 Dtd 17-06-2023. ₹25,000/- Each.
നിർവ്വഹണ ഉദ്യോഗസ്ഥർ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് തലത്തിലാക്കിയ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം എന്ന പ്രോജക്ടിൽ തനത് ഫണ്ട് ₹75,000/- ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (സ-18, തീ. 22/06/2023) മറുപടി പരിഗണിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

01) പരിശീലകരെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചതായോ പരസ്യം നൽകിയതായോ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. പരിശീലകരുടെ യോഗ്യത, പരിചയം എന്നിവ സംബന്ധിച്ച രേഖകളോ പരിശീലകരെ നിയമിച്ചതിനെ കാരണങ്ങളോ ലഭ്യമായിട്ടില്ല.

02) നീന്തൽ പരിശീലകരുമായി തിരഞ്ഞെടുത്തവരുമായി ഗ്രാമപഞ്ചായത്ത് കരാർ ഉടമ്പടി വച്ചിട്ടില്ല. പരിശീലനത്തെ സുരക്ഷയെക്കുറിച്ചോ പരിശീലന കാലയളവ്, പ്രതിഫലം എന്നിവ സംബന്ധിച്ചോ വ്യവസ്ഥകളോ ഉൾപ്പെടുത്തിയിട്ടില്ല.

03) പരിശീലനാർത്ഥികളുടെ സുരക്ഷയ്ക്കായി എടുത്തിട്ടുള്ള മുൻകരുതലുകൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല. മാത്രമല്ല പരിശീലനത്തിന് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും, ഇക്കാര്യങ്ങൾ പ്രൂഫ് വരുത്തി മാത്രം ഇത്തരം പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതുമാണ്.

1-32 വീട് വാസയോഗ്യമാക്കൽ- ഗുണഭോക്തൃകരാർ ഒപ്പുവെച്ചിട്ടില്ല

ലക്ഷ്യം

പ്രോജക്ട് നമ്പർ/പേര്	എസ് 012/24 (S.C) വീട് വാസയോഗ്യമാക്കൽ -പട്ടികജാതി
തുകകൾ	₹7,93,052/- ₹7,93,330/-(വികസനഫണ്ട്-എസ് സി.പി) ₹434/22-(തനത് ഫണ്ട്) ₹6,88,792/-
ചെലവ്	₹355539/-(വികസനഫണ്ട്-എസ് സി.പി) ₹330269/-(തനത് ഫണ്ട്)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടവുകോട് തയ്യാറാക്കിയ വീട് വാസയോഗ്യമാക്കൽ

പട്ടികജാതി എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ശ്രീ.തായാകൃഷ്ണൻ .പി.കെ, വെട്ടിയിൽ, വെള്ളൂർ, കരിമ്പാൽ എന്ന ഗുണഭോക്താവിന് അറ്റകുറ്റപ്പണികൾക്കായി ₹50,000/- ധനസഹായം നൽകിയിട്ടുണ്ട് അഡ്വാൻസ് വാങ്ങിയെങ്കിലും ഗുണഭോക്താവ് നാളിതുവരെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ല തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ട്രഷറി വൗച്ചർ നം & തീയതി	UTR No	തുക
21120500000001520 Dtd 17.03.2023	RBI 0772360812363	Rs 50,000/-

ബി)

പ്രോജക്ട് നടപ്പിലാക്കൽ	ഫ്ലസ് 0043/24, വീട് വാസയോഗ്യമാക്കൽ -ജനറൽ
ആകെത്തുക	₹35,75,000/- ₹20,00,000/-(വികസനഫണ്ട്-ജനറൽ) ₹15,75,000/-(തനത് ഫണ്ട്)
ചെലവ്	₹28,63,637/- ₹12,25,000/-(വികസനഫണ്ട്-ജനറൽ) ₹16,38,637/-(തനത് ഫണ്ട്)

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അറ്റകുറ്റപ്പണികൾക്കായി ₹35,000/- വീതം ധനസഹായം നൽകിയിട്ടുണ്ട് അഡ്വാൻസ് വാങ്ങിയെങ്കിലും ഗുണഭോക്താവ് നാളിതുവരെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ല തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഗുണഭോക്താവിന്റെ പേര്, വിലാസം	ട്രഷറി വൗച്ചർ നം & തീയതി	നൽകിയ തുക
പ്രദീപ് ടി.പി തൊട്ടുങ്കൽ പുലിയാസുള്ളിമുഗർ	21120500000000007856 Dtd 02.12.2023	Rs.35,000/-
ഷിബു തോമസ്, കുന്നേടത്ത്, കൂഴിക്കാട്ടേരി	21120500000000008572 Dtd 27.12.2023	Rs.35,000/-
ശ്യാമള ഉണ്ണൻ, വെള്ളിപ്പാറ കരിമുഗർ	21120500000000008572 Dtd 04.01.2024	Rs.35,000/-
	ആകെ	₹1,05,000/-

സി)

പ്രോജക്ട് നടപ്പിലാക്കൽ	ഫ്ലസ് 0032/24, വീട് വാസയോഗ്യമാക്കൽ -പട്ടികജാതി
ആകെത്തുക	₹31,00,000/-, (വികസനഫണ്ട്-ഫ്ലസ് സി.പി)
ചെലവ്	₹9,37,796/-, (വികസനഫണ്ട്-ഫ്ലസ് സി.പി)

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അറ്റകുറ്റപ്പണികൾക്കായി ₹35,000/- വീതം ധനസഹായം നൽകിയിട്ടുണ്ട് അഡ്വാൻസ് വാങ്ങിയെങ്കിലും ഗുണഭോക്താവ് നാളിതുവരെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ല തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഗുണഭോക്താവിന്റെ പേര്, വിലാസം	ട്രഷറി വൗച്ചർ നം & തീയതി	നൽകിയ തുക
ബിജു .പി.കെ. പുഷ്പാട്ടിൽ, കാണിനാട്	21120500000000008373 Dtd 27.12.2023	Rs.50,000/-
കുട്ടപ്പൻ ചാത്തൻ, മുല്ലപ്പാടത്ത്, കാണിനാട്	21120500000000008373 Dtd 27.12.2023	Rs.50,000/-
	ആകെ	₹1,00,000/-

ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ ലഭിക്കുകയോ അഡ്വാൻസ് തുക തിരികെ നൽകുകയോ ചെയ്തിട്ടുള്ളതായി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഫീൽഡ് മെമോ (നം-33 തീ. 25.06.2024) തുടർന്ന്

ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് നൽകിയ ഗുണഭോക്താക്കൾ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-33 പുത്തൻകുന്നിൽ -കൊല്ലപ്പടി റോഡ് -പി.വി.എച്ച്.പി റോഡ് സൈഡ് പ്രൊട്ടക്ഷൻ (വാർഡ് -8) – ധനകാര്യ കമ്മീഷൻ ഗ്രാന്റ് പിൻവലിച്ച് തന്ത് ഫണ്ടിൽ തുക്കിക്കുന്നു

പ്രോജക്ട് നമ്പർ/പേര്	എസ് 033624 പുത്തൻകുന്നിൽ -കൊല്ലപ്പടി റോഡ് -പി.വി.എച്ച്.പി റോഡ് സൈഡ് പ്രൊട്ടക്ഷൻ (വാർഡ് -8)
എസ്റ്റിമേറ്റ്	₹6,00,000/- ₹4,00,000/-(തനത് ഫണ്ട്) ₹2,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹2,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെക്ക് നമ്പറും തീയതിയും	പി.എഫ്.എം.എസ് ട്രാൻസ്ഫർ വഴുത് XVFC/2023-24/P/23 Dtd.14/03/2024

സ്ഥലപരിശോധനയിലൂടെ പുത്തൻകുന്നിൽ -കൊല്ലപ്പടി റോഡ് – പി.വി.എച്ച്.പി റോഡ് സൈഡ് പ്രൊട്ടക്ഷൻ (വാർഡ് -8) വർക്കിനായി ക്ലർക്ക് കം വാല്യൂവേഷൻ അസി.എൻജിനീയർ ചുമതലയുള്ള ഓവർസിയർ നൽകിയ 6,00,000 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹200000/- 2023-24 സാമ്പത്തിക വർഷം പിൻവലിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക "8443-00-103-00-00-00-00 NP" എന്ന ഡെബിറ്റ് ചെയ്ത് ഓഫീസ് ഫണ്ടിലേക്ക് തിരിച്ചടച്ചതാണ് 06/03/2024 ലെ ചെ.നം 2432/2024 നമ്പർ. കൂടാതെ പ്രകാരം അസി.എൻജിനീയർ പി.വി.എച്ച്.പി ഡിവിഷൻ നിർദ്ദേശിച്ചിരുന്നത് ഈ ഗ്രാമസഭാതീരുമാനപ്രകാരം ടിപ്പർ ലോറി കയറി മാറ്റ് അക്കാണ്ടേ ലൈൻ പി.എഫ്.എം.എസ്സിലൂടെ ട്രാൻസ്ഫർ നടത്തുന്നതിനുള്ള സാങ്കേതിക തടസ്സമുള്ളതുകൊണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുള്ളതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്നും തുക പി.വി.എച്ച്.പി ഡിവിഷൻ നൽകിയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിനായി യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടതിൽ തുക ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ചതിനും തനത് ഫണ്ട് അക്കൗണ്ടിൽ ക്രമീകരണത്തിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്സർവേഷൻ (നം-13, തീ: 22/06/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ നിന്നും പിൻവലിച്ച തുകയുടെ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹2,00,000/- തടഞ്ഞുവെയ്ക്കുന്നു.

1-34 പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഗ്രാമ പഞ്ചായത്ത് മുഖേനയുള്ള നിർവഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല വിശദവിവരം ചുവടെ ചേർക്കുന്നു

ക്രമ നം	പ്രോജക്ടിന്റെ പേര് നമ്പർ	ഒക്കേറിയ തുക	തുക അനുവദിച്ച സ്ഥാപനം
1	ഐ.കെ.എം വിഹിതം തൽകൽ (S00624)	₹36,663/- UTR#-SBIN12312050000000006117 Dtd 12/10/2023	ഐ.കെ.എം
	തുക	₹ 36,663/-	

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രവും വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്സർവേഷൻ (നം-13, തീ: 22/06/2024) മറുപടിയിൽ ഒത്തത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നറിയിച്ചിട്ടുണ്ട്. പദ്ധതിയിലെ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹36,663/- തടഞ്ഞുവെയ്ക്കുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-35 സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം തൽകൽ -വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ പ്രോജക്ട് നമ്പർ	ഹൈസ്കൂൾ വിഭാഗം യു.പി സ്കൂൾ പുത്തൻകുന്നിൽ S0011124

തുകകൾ	₹500,000/- ₹300000/-(വികസനഫണ്ട്-ജനറൽ) ₹500000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹800,000/- ₹300000/-(വികസനഫണ്ട്-ജനറൽ) ₹500000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നം.	XV-FC 2023-24 P 18 Dtd 08/02/2024 ₹ 500000/- TRSY-231205000000007688 Dtd 30/11/2023 ₹3,00,000/

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തു വിഹിതമായ ₹8,00,000/- എസ് എസ് കെ ഇല്ലാ പ്രോജക്ട് കോഓഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട് .പിന്നാലെ ഈ തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ പിന്തുണാ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിലയിരുത്തൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. സർക്കാർ പരിധി മാർഗ്ഗരേഖ [സ.ഉ (കൈ)നം.84/22 തദ്ദേശഭ., തി.19.01.2022] പ്രകാരം എസ് എസ് കെ യ്ക്ക് സർക്കാർ നിർദ്ദേശിച്ച തുക നിർബ്ബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കാര്യപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ നിയന്ത്രണത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് .പിന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച്ച വരുത്തിയതായി കാണുന്നില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ,പരിപാടികൾ എന്നിവയുടെയെല്ലാം വിവരങ്ങൾ എസ്.എസ്.കെ ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. പിന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ് എസ് കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായ രേഖകളൊന്നും ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്തിയതായും നിർദ്ദേശങ്ങൾ സ്വീകരിച്ചതായുമാണ് തുക എസ് എസ് കെ യ്ക്ക് കൈമാറിയിട്ടുള്ളതിലും തുക എത്രയും വേഗത്തിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിവരവും 2023-24 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21, തി 24/06/2024) മറുപടി ലഭ്യമാക്കിയിട്ടില്ല പദ്ധതിയിലെ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹8,00,000/-ഉറപ്പുപ്പെടുത്തുന്നു. വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-36 ദിശ-സമഗ്ര വിദ്യാഭ്യാസ പദ്ധതി - പ്രോജക്ടിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ	S0013-24
പ്രോജക്ടിന്റെ പേര്	ദിശ-സമഗ്ര വിദ്യാഭ്യാസ പദ്ധതി
നിർവ്വഹണോദ്യോഗസ്ഥൻ	പ്രസിഡിന്റ്സ്, ഗവ.യു.പി.സ്കൂൾ, പുത്തൻകുരിശ്
തുകകൾ	550000-(തനത് ഫണ്ട്) 550000-(തനത് ഫണ്ട്)
ചെലവ്	ചെക്ക് നം - 122035 Dtd. 02/06/2023 ₹ 100000/- ചെക്ക് നം - 129900 Dtd. 12/09/2023 ₹ 100000/- ചെക്ക് നം - 131522 Dtd. 16/11/2023 ₹ 100000/- ചെക്ക് നം - 000880 Dtd. 01/01/2024 ₹ 100000/- ചെക്ക് നം - 000970 Dtd. 01/03/2024 ₹ 150000/-

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 2023-24 വർഷം നടപ്പിലാക്കിയ പ്രോജക്ടാണ് ദിശ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ₹5,50,000/- പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

a) പഞ്ചായത്തിൽ നിന്നും ലഭ്യമായ സാമ്പ് ബില്ലുകൾ പ്രകാരം ₹5,50,000/-മാണ് നിർവ്വഹണോദ്യോഗസ്ഥയായ പ്രസിഡിന്റ്സ്, പുത്തൻകുരിശ് ഗവ.യു.പി.സ്കൂളിന്റെ പേരിലുള്ള UBI പുത്തൻകുരിശ് ശാഖയിലെ 338802010111574 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. പ്രോജക്ടിൽ നിന്നും പിൻവലിച്ച

₹50000-ന്റെ ₹4,73,378- ചെലവഴിച്ചതിനാൽ തലയാണ്ടുള്ളത് ഡാക്കി തുക ബാക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രോജക്ടിൽ തിന്നും പൂർണ്ണമായി പിൻവലിച്ച തുക ചെലവഴിക്കാതെ ബാക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്

ii) അക്കൗണ്ടിൽ തിന്നും പൊയ്മിസ്ട്രസ് ബെൻഫ് ചെക്ക് മുഖേനയാണ് വിവിധ തവണകളായി തുക പിൻവലിച്ചിട്ടുള്ളത്. പിൻവലിച്ച തുകകൾ ക്യാഷായി നേരിട്ട് പൊയ്മിസ്ട്രസ് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ബാക് അക്കൗണ്ടുകൾ സാർവ്വത്രികവും ബാക് ഇടപാടുകൾ വേഗത്തിലും വളരെ ആനായാസമായും സാധ്യമാകുന്ന സമയത്ത് ചെലവുകൾ പണമായി കൈമാറുന്നത് സർക്കാർ ഉത്തരവുകൾക്കും [കേരള പഞ്ചായത്ത് രാജ്(അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34(4), (5) & കി.ഖ.(പി)177/2006/fin Dtd 12.04.2006, 11, 12 & 13] റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾക്കും എതിരാണ്

3) എപ്പെല്ലാം തീയതികളിലാണ് തുക പിൻവലിച്ചതെന്നും ഓരോ തവണ പിൻവലിക്കുന്ന തുകയും എപ്പെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്നും എപ്പെല്ലാം തീയതികളിൽ ആരൊക്കെ തങ്കി എന്നും വിശദീകരിക്കുന്ന ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ വിവിധ ബില്ലുകളും വൗച്ചറുകളും തരംതിച്ച് സൂക്ഷിച്ചിരിക്കുകയാണ്. വിവിധ സാധനങ്ങൾ വാങ്ങിയ ബില്ലുകൾ ഉണ്ടെങ്കിലും സാധനങ്ങളുടെ വില മാത്രമാണ് രേഖപ്പെടുത്തിയത് എന്ന് സൂചിപ്പിക്കുന്ന രൊക്കപ്പറ്റ് രസീതി സൂക്ഷിച്ചിട്ടില്ല. എൻഡ് ബെനഫിഷ്യറിക്ക് തുക ലഭിച്ചതിന്റെ തെളിവുകളില്ല

iv) പൊതുവിദ്യാഭ്യാസ വകുപ്പ് എല്ലാ സ്കൂളുകളിലും നടന്നി വരുന്ന പ്രവർത്തനങ്ങൾ തന്നെയാണ് ഈ പ്രോജക്ട് വഴി നടപ്പിലാക്കിയിരിക്കുന്നത്. ഇതിനായി സർക്കാർ ഗ്രാന്റുകളും SSK വിഹിതം പോലുള്ള മനസ്സായ പദ്ധതികളുമാണ് കണ്ടിജൻസിയിൽ പ്രയോജനപ്പെടുത്തി വരുന്നത്. ഈ സാഹചര്യത്തിൽ പ്രോജക്ട് തയ്യാറാക്കി ഇത്ര പ്രവർത്തനങ്ങൾ തന്നെ നടപ്പാക്കുന്നതും ചെലവുകളിൽ ആവശ്യമായ സൂക്ഷ്മത പുലർത്താതെ പണം ചെലവഴിക്കുന്നതും വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണവും തമ്മിലുണ്ടായിരുന്ന ധാരണ ചെലവഴിക്കുന്ന സാഹചര്യം പലതി പ്രവർത്തനങ്ങളിൽ ഇരട്ടിപ്പിന് ഇടയാക്കാൻ സാധ്യതയുണ്ട്.

